“ഭരണഭാഷ-മാതൃഭാഷ”

# കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹിക സുരക്ഷാ ബോർഡ്,

ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ കാര്യാലയം
ലേബർ വെൽഫെയർ ഫണ്ട് ബോർഡ് ബിൽഡിംഗ്
റ്റി.സി.നംപർ28/2857(1), കുന്നുംപുറം റോഡ്
വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം 35
ഫോൺ നമ്പർ : 0471 2464240
unorganisedwssb@gmail.com

നമ്പർ: ഇ1/1605/2017/KSUWSSB തീയതി: 26.10.2021

OFFICE OF THE LABOUR COMMISSIONER
27 OCT 2021
THIRUVANANTHAPURAM 33

പ്രേഷകൻ

ചീഫ് എക്സിക്യൂട്ടീവ് ആഫീസർ

സ്വീകർത്താവ്

ലേബർ കമ്മീഷണർ
തിരുവനന്തപുരം

സർ,

വിഷയം: കേരള അസംഘടിത തൊഴിലാളി സമൂഹ്യ സുരക്ഷ ബോർഡ് -അന്യത്രസേവനം ജില്ലാ ഓഫീസർമാരുടെ തസ്തിക നികത്തുന്നതിനുള്ള ഉദ്യോഗസ്ഥരുടെ പാനൽ ലഭ്യമാക്കുന്നതു -സംബന്ധിച്ച്.

സൂചന: 1. സർക്കാർ കത്ത് ബി1/82/20121/തൊഴിൽ തീയതി 18.10.2021

കേരള അസംഘടിത തൊഴിലാളി സമൂഹ്യ സുരക്ഷ പദ്ധതിയുടെ എറണാകുളം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ ഒഴിവുവന്ന ജില്ലാ ഓഫീസർ തസ്തികകളിലേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമന ഉത്തരവ് ലഭ്യമാക്കുന്നതിന് യോഗ്യരായ ഉദ്യോഗസ്ഥരുടെ അപേക്ഷകൾ സർക്കാരിന് മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്. കൂടാതെ കണ്ണൂർ ജില്ലാ ഓഫീസറുടെ തസ്തിക 11.10.2021 തീയതി മുതൽ ഒഴിവു വന്നിട്ടുള്ളതും മലപ്പുറം, പാലക്കാട് ജില്ലാ ഓഫീസർമാരുടെ തസ്തികകൾ യഥാക്രമം 01.11.2021, 24.11.2021 മുതൽ ഒഴിവുവരുന്നതുമാണ്.

പദ്ധതിയുടെ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സംസ്ഥാന സബോഡിനേറ്റ് സർവ്വീസിലെ ജൂനിയർ സൂപ്രണ്ട്, തൊഴിൽ വകുപ്പിലെ അസി.ലേബർ ഓഫീസർ ഗ്രേഡ്-II തസ്തികയിൽ 43,400/--91,200/-(Revised) ശമ്പള സ്കെയിലിൽ സേവനമനുഷ്ഠിച്ചുവരുന്ന ഉദ്യോഗസ്ഥരെയാണ് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥപ്രകാരം നിയമിക്കേണ്ടത്.

DEO

ആയതിനാൽ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതിയുടെ ജില്ലാ ഓഫീസുകളിൽ (കണ്ണൂർ, മലപ്പുറം) ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കപ്പെടുന്നതിന് തൊഴിൽ വകുപ്പിലെ സമാനതസ്തികയിൽ സേവനമുഷ്ഠിക്കുന്ന തൽപരരായ ഉദ്യോഗസ്ഥരുടെ അപേക്ഷ നിരാക്ഷേപ സാക്ഷ്യപത്രം സഹിതം ലഭ്യമാക്കുന്നതിനുള്ള നടപടി സ്ഥീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ് ആഫീസർ (I/C)

---

മേലെഴുത്ത് നമ്പർ എൽ.സി.ഒ./10591/2021/ഇ2 തിരുവനന്തപുരം. തീയതി: 06.11.20.

കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതിയുടെ മലപ്പുറം, പാലക്കാട് ജില്ലാ ഓഫീസുകളിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ മാരുടെ ഒഴിവുകളിൽ തൊഴിൽ വകുപ്പിലെ ജൂനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികകളിൽ ജോലി ചെയ്യുന്നവരിൽ നിന്നും അന്യത്രസേവന വ്യവസ്ഥയിൽ അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. മേൽസൂചിപ്പിച്ച ഒഴിവിലേക്ക് പരിഗണിക്കപ്പെടുന്നതിന് താല്പര്യമുള്ള ഉദ്യോഗസ്ഥർ അന്യത്രസേവന വ്യവസ്ഥ പ്രകാരം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

(ഒപ്പ്) 06/11/21

ലേബർ കമ്മീഷണർ.

(ഒപ്പ്) 6/11/21.